**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2062** **30-09-2025 - ൽ മറുപടിയ്ക്ക്**

**അന്താരാഷ്ട്ര നിലവാരത്തിൽ റസ്റ്റ്സ്റ്റോപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ഒന്നാം ലോക കേരളസഭയുടെ ശിപാർശ പ്രകാരം ആരംഭിച്ച ഒ. കെ. ഐ. എച്ച്. (ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ്) എന്ന കമ്പനിയുടെ കീഴിൽ അന്താരാഷ്ട്ര നിലവാരത്തിൽ റസ്റ്റ്സ്റ്റോപ്പുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ 5.5 ഏക്കർ വിസ്തൃതിയിലുള്ള സ്ഥലത്ത് ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള റസ്റ്റ്സ്റ്റോപ്പ് വേസൈഡ് അമിനിറ്റീസ് സെന്ററിന്റെ വികസനം ഒ.കെ.ഐ.എച്ച് (ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ്) ഒന്നാം ഘട്ടത്തിൽ ആരംഭിച്ചു. 25,000 അടി വിസ്തീർണ്ണമുള്ള ഒരു കൺവീനിയൻസ് സ്റ്റോർ, 3 റെസ്റ്റോറന്റുകൾ, 5 ഫുഡ് കോർട്ട് യൂണിറ്റുകൾ, 5 റീട്ടെയിൽ ഔട്ട്ലെറ്റുകൾ ഇന്ധന സ്റ്റേഷൻ, ഇലക്ട്രിക് വാഹന ചാർജിംഗ് സൗകര്യം, വിശാലമായ പാർക്കിംഗ് എന്നിവ ഈ പദ്ധതിയിലുണ്ട്.** |
| (ബി) | ആലപ്പുഴ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) | ആലപ്പുഴ മണ്ഡലത്തിൽ **റസ്റ്റ്സ്റ്റോപ്പ് നടപ്പിലാക്കുന്ന വിഷയം അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ